**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 49** **05-10-2021 - ൽ മറുപടിയ്ക്ക്**

**പെട്രോളിയം ഉൽപന്നങ്ങളിന്മേലുള്ള നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ. ജെ. മാക്സി** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2021-22 സാമ്പത്തിക വർഷത്തിലെ ആദ്യ 4 മാസം പെട്രോളിയം ഉൽപന്നങ്ങളിന്മേൽ കേന്ദ്ര സർക്കാർ ചുമത്തിയ എക്സൈസ് നികുതി വരുമാനം 48 ശതമാനം വർദ്ധിച്ചുവെന്ന വാർത്തയുടെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ നിലവിൽ ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തുന്ന എക്സൈസ് തീരുവ, അധിക എക്സൈസ് തീരുവ, വിവിധ സെസ്സ് എന്നിവ എത്രയെന്ന് വിശദമാക്കാമോ; പ്രസ്തുത ഇനങ്ങളിൽ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ നിലവിൽ ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തുന്ന എക്സൈസ് തീരുവ, അധിക എക്സൈസ് തീരുവ, വിവിധ സെസ്സ് എന്നിവയുടെ നിരക്ക് അനുബന്ധമായി (അനുബന്ധം- 1) ചേർക്കുന്നു. എക്സൈസ് തീരുവ കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നുണ്ട്. എന്നാൽ അഡീഷണൽ എക്സൈസ് തീരുവ, സെസ് എന്നിവ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നില്ല. |
| (ബി) | 2014-ൽ കേന്ദ്രസർക്കാർ അധികാരത്തിലേറിയ സമയത്ത് പെട്രോളിന്റെയും ഡീസലിന്റെയും മേൽപ്പറഞ്ഞ തീരുവകൾ എത്രയായിരുന്നെന്ന് അറിയിക്കാമോ; | (ബി) | 2014-ൽ കേന്ദ്രസർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തുന്ന എക്സൈസ് തീരുവ, അധിക എക്സൈസ് തീരുവ, സെസ്സ് എന്നിവയുടെ നിരക്ക് അനുബന്ധമായി (അനുബന്ധം- 2) ചേർക്കുന്നു. |
| (സി) | ഇന്ധനവില നിയന്ത്രണാധികാരം എണ്ണക്കമ്പനികൾക്ക് നൽകിയത് തിരികെ കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാക്കി വിലനിയന്ത്രണത്തിന് നടപടിയെടുക്കാൻ ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ഇന്ധനവില നിയന്ത്രണാധികാരം സംബന്ധിച്ച വിഷയങ്ങൾ നികുതി വകുപ്പിന്റെ പരിധിയിൽപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

**പെട്രോൾ**

| Sl. No. | Particulars | MS manufactured on or after 02-02-2021 |
|---|---|---|
| 1 | Basic Excise Duty | Rs.1.40/litre |
| 2 | Road infrastructure cess | Rs.18.00/litre |
| 3 | Special Additional Excise Duty | Rs.11.00/litre |
| 4 | Agriculture & Infrastructure development cess | Rs.2.50/litre |
| | | **Rs.32.90/ litre** |

**ഡീസൽ**

| Sl. No. | Particulars | HSD manufactured on or after 02-02-2021 |
|---|---|---|
| 1 | Basic Excise Duty | Rs.1.80/litre |
| 2 | Road infrastructure cess | Rs.18.00/litre |
| 3 | Special Additional Excise Duty | Rs.8.00/litre |
| 4 | Agriculture & Infrastructure development cess | Rs.4.00/litre |
| | | **Rs.31.80/litre** |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - 2

**പെട്രോൾ**

| Sl. No. | Particulars | Rate per litre as on 26-05-2014 |
|---|---|---|
| 1 | Basic Excise Duty | Rs.1.20/litre |
| 2 | Special Additional Excise Duty | Rs.8.00/litre |
| 3 | Agriculture & Infrastructure development cess | Rs.0.276/litre |
| | | **Rs.9.476/ litre** |

**ഡീസൽ**

| Sl. No. | Particulars | Rate per litre as on 26-05-2014 |
|---|---|---|
| 1 | Basic Excise Duty | Rs.1.46/litre |
| 2 | Special Additional Excise Duty | Rs.2.00/litre |
| 3 | Agriculture & Infrastructure development cess | Rs.0.104/litre |
| | | **Rs.3.564/litre** |

(signature)

**സെക്ഷൻ ഓഫീസർ**